# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 900 29/09/2011 - ൽ മറുപടിക്ക്

## പ്ലസ് ടു അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജെയിംസ് മാത്യു : | ശ്രീ. പി.കെ.അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) മലബാർ മേഖലയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് എത്ര പ്ലസ് ടു സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്; | (എ) സർക്കാർ ഉത്തരവ് (എം.എസ്) 128/10/പൊ.വി.വ തീയതി 20/07/2010 പ്രകാരം 178 സർക്കാർ/ എയ്ഡഡ് സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) ഇതിലേക്കായി എത്ര പ്ലസ് ടു അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ട്; ഈ തസ്തികകൾ റഗുലറൈസ് ചെയ്ത് ഉത്തരവായിട്ടുണ്ടോ;<br><br>(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് അറിയിക്കാമോ; | (ബി)& (സി) ഇതിൽ സർക്കാർ സ്കൂളുകളിലേയ്ക്കായി ജൂനിയർ - 239, സീനിയർ - 23, ആകെ - 262 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. (സ.ഉ. 168/11/പൊ.വി.വ തീയതി, 06/08/2011) ഈ തസ്തികൾ റഗുലറൈസ് ചെയ്ത് ഉത്തരവായിട്ടില്ല. എയ്ഡഡ് മേഖലയിലെ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുവാനുള്ള ശുപാർശ സർക്കാർ പരിഗണനയിലാണ്. |
| (ഡി) ഈ മേഖലയിൽ നിലനില്ക്കുന്ന അനിശ്ചിതാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | (ഡി) പുതുതായി അനുവദിച്ച ഹയർ സെക്കന്ററി ബാച്ചുകൾക്ക് സ്ഥിരം അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതു വരെ ഗസ്റ്റ് ലക്ച്ചറർമാരുടെ സേവനം ഉപയോഗിച്ച് ക്ലാസ്സുകൾ നടത്തുവാൻ സർക്കാർ നേരത്തേ അനുവാദം നൽകിയിട്ടുണ്ട്. അതിനാൽ ഈ മേഖലയിൽ എന്തെങ്കിലും അനിശ്ചിതാവസ്ഥ നിലനിൽക്കുന്നതായി സർക്കാർ കരുതുന്നില്ല. |

| | | | |
|---|---|---|---|
| (ഇ) | തസ്തിക അനുവദിച്ചതുമുതൽ ഇക്കാലയളവു വരെയുള്ള പ്രസ്തുത അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ സംരക്ഷിച്ചുകൊണ്ട് ഇക്കാര്യ-ത്തിൽ നടപടി സ്വീകരിക്കുമോ? | (ഇ) | നിലവിലുള്ള ഉത്തരവിനും നിയമത്തിനും വിധേയമായി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.